**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4504** **19-03-2025 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും ഇതിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | **മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ 9 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചു വരുന്നു. ഇതിൽ ഭൂരഹിത ഭവനരഹിതരായ 3കുടുംബങ്ങളുണ്ട്.** |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് സ്ഥലവും വീടും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | മങ്കട ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരായ 3 പട്ടികവർഗ്ഗ കുടുംബങ്ങളും രണ്ടാംഘട്ടം നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതിയുടെ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ലൈഫ് മിഷൻ മുഖേന വീട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ